"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കാരോട് ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികളായ ശ്രീമതി.അജിത, ശ്രീമതി.സലീല, ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിലെ പ്രസിഡന്റ് ആയിരുന്ന നിലവിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആയ ശ്രീമതി. ജയമോൾ ജോൺസൺ, മുൻ പ്രസിഡന്റുമാരായിരുന്ന ശ്രീമതി. മിനിമോൾ നന്ദകുമാർ ശ്രീമതി. നിഷ ബിനോജ് എന്നിവർക്ക് എതിരായുള്ള പരാതി - 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271 ജെ പ്രകാരം, ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2464/2024/LSGD തീയതി,തിരുവനന്തപുരം, 13-12-2024

---

പരാമർശം:-

1. മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി,(കേരളം) മിഷൻ ഡയറക്ടറുടെ 18.11.2024 തീയതിയിലെ NREGA/847/2024-A3 നമ്പർ കത്ത്.
2. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി,ഇടുക്കിജില്ല ഓംബുഡ്സ്മാന്റെ 07.08.2024 തീയതിയിലെ OMB.158/MGNREGA/IDK/2024 നമ്പർ അവാർഡ്
3. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം ജില്ല ഓംബുഡ്സ്മാന്റെ 30.04.2024 തീയതിയിലെ 236/2024/ഒബിഎൻറ്റി/എംജിഎൻആർഇജിഎസ് - നമ്പർ അവാർഡ്
4. സർക്കുലർ നം. ഡി.ഡി.2/128/2023. ത.സ്വ.ഭ.വ, തീയതി 20. 09.2023.

**<u>ഉത്തരവ്</u>**

കാരോട് ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികളായ ശ്രീമതി. അജിത, ശ്രീമതി. സലീല എന്നിവർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി തൊഴിലാളികളായും ഭരണസമിതി യോഗങ്ങളിലും ഒരേ സമയം ഒപ്പിട്ടു വേതനവും അലവൻസും കൈപ്പറ്റിയതുമായി

ബന്ധപ്പെട്ടും ,ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിലെ പ്രസിഡന്റ് ആയിരുന്ന നിലവിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. ജയമോൾ ജോൺസൺ, മുൻ പ്രസിഡന്റുമാരായിരുന്ന ശ്രീമതി. മിനിമോൾ നന്ദകുമാർ, ശ്രീമതി. നിഷ ബിനോജ് എന്നിവർ സത്യപ്രതിജ്ഞ ദിവസം തൊഴിലുറപ്പ് മസ്റ്റർ റോളിൽ ഒപ്പിട്ട് അധിക വേതനം കൈപ്പറ്റിയതുമായി ബന്ധപ്പെട്ടും സൂചന 2 ,3 പ്രകാരം പുറപ്പെടുവിച്ച ഓംബുഡ്സ്മാൻ ഉത്തരവിൽ 20.9.2023-ൽ DD2/128/2023/LSGD നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരം തുടർ നടപടി സ്വീകരിക്കണമെന്ന് ഉത്തരവായതിന്റെയടിസ്ഥാനത്തിൽ പരാമർശം - 1 പ്രകാരം മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, (കേരളം) മിഷൻ ഡയറക്ടർ തുടർ നടപടി സ്വീകരിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്

2) മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പദ്ധതി നിർവഹണം കാര്യക്ഷമവും അഴിമതിരഹിതവുമായി നടക്കുന്നു എന്ന് ഉറപ്പുവരുത്താൻ ചുമതലപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി തന്നെ ഇത്തരം നിയമവിരുദ്ധമായ കാര്യങ്ങളിൽ ഏർപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഇത്തരം സംഭവങ്ങൾ സർക്കാർ ഗൗരവബുദ്ധ്യാ പരിശോധിക്കുന്നതും ഇവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയക്കുന്നതുമാണെന്ന് പരാമർശം- 2 സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിൻപ്രകാരം 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271 ജെ പ്രകാരം, ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് ഈ വിഷയം റഫർ ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം.

മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരളം.

പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/182/2024-LSGD].

ഉത്തരവിൻ പ്രകാരം
Signed by
Ajith Kumar K A
Date: 17-12-2024 10:25:50

സെക്ഷൻ ഓഫീസർ

പകർപ്പ്. ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.